# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 192 — 26.03.2013ൽ മറുപടിക്ക്.

### പുതിയ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ; | (എ)& (ബി) | കേരളത്തിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എമെർജിങ്ങ് കേരള 2012 സെപ്റ്റംബറിൽ സംഘടിപ്പിക്കുകയുണ്ടായി. തദവസരത്തിൽ പുതിയ പദ്ധതി നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി. |
| (ബി) കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്നതിനും വ്യാവസായിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ? | | ഈ പദ്ധതി നിർദ്ദേശങ്ങളുടെ തുടർനടപടികൾ വിവിധവകുപ്പുകൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നു. ചില പദ്ധതികളുടെ സ്ഥലപരിശോധന നടന്നുവരുന്നു. ചില പദ്ധതികൾ അന്തിമ അനുമതി നൽകുവാൻ പര്യാപ്തമായ ഘട്ടത്തിലാണ്.<br>വ്യാവസായ ഉത്പാദനം വർദ്ധിപ്പിക്കുതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റു പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1) കെ.എസ്.ഐ.ഡി.സിയുടെ ആഭിമുഖ്യത്തിൽ<br>കൊച്ചി-പാലക്കാട് നിംസ് പദ്ധതി. എറണാകുളം തൃശ്ശൂർ, മലപ്പുറം പാലക്കാട് ജില്ലകളിലും കൊച്ചി കേന്ദ്രീകരിച്ച് പ്രെടോളിയം, കെമിക്കൽസ് & പെട്രോകെമിക്കൽസ് ഇൻവെസ്റ്റ്മെന്റ് റീജിയൻ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ രണ്ടു പദ്ധതികളും കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.<br>2) കെ.എസ്.ഐ.ഡി.സിയുടെ തന്നെ പാലക്കാട്ട് ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്.<br>3) തിരുവനന്തപുരം കൊച്ചി കോഴിക്കോട് കണ്ണൂർ എന്നിവിടങ്ങളിൽ വ്യാപാര- വാണിജ്യ കേന്ദ്രങ്ങൾസ്ഥാപിക്കാനാവശ്യമായ സ്ഥലമേറ്റടുക്കൽ നടപടികൾ പുരോഗമിക്കുന്നു. അടിസ്ഥാന സൗകര്യ വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |

4)വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഒൻപത് സ്കീമുകൾ ഏകോപിപ്പിച്ച് ഒറ്റ പദ്ധതിയായി സംരംഭകത്വ സഹായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

5) കൂടുതൽ സ്ഥലം ആവശ്യമില്ലാത്ത, പരിസ്ഥിതി സൗഹൃദമായ, വൻതോതിൽ മുതൽമുടക്കുവരുന്ന അതോടൊപ്പം പരമാവധി തൊഴിലവസരങ്ങളുമുണ്ടാക്കുന്ന വ്യവസായങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്.

6) വ്യവസായ സംരംഭങ്ങൾക്കായി അനുവദിച്ച ഭൂമിയിൽ ആറ് മാസത്തിനുള്ളിൽ വ്യവസായം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ അത്തരം ഭൂമി തിരിച്ചെടുക്കാൻ ഉത്തരവായി. ഇതിന്റെ ഭാഗമായി വ്യവസായം തുടങ്ങാത്ത സംരംഭകർക്കെല്ലാം കിൻഫ്ര, സിഡ്കോ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നീ സ്ഥാപനങ്ങൾ ബന്ധപ്പെട്ടവർക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചു. ആറ് മാസത്തിനുള്ളിൽ പ്രസ്തുത കമ്പനികൾ വ്യവസായം തുടങ്ങാൻ നടപടി സ്വീകരിച്ചില്ലെങ്കിൽ അത്തരം ഭൂമി സർക്കാർ തിരിച്ചുപിടിക്കും.

7)അടുത്ത സാമ്പത്തിക വർഷത്തിൽ കെ.എസ്.ഐ.ഡി.സി കേരളത്തിലെ അഞ്ച് എയർപോർട്ടുകളെ ബന്ധപ്പെടുത്തി ഇന്റഗ്രേറ്റഡ് ബിസിനസ്സ് ഹബ് സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. വിദേശരാജ്യങ്ങളുമായി കൂടുതൽ വ്യാവസായിക ബന്ധങ്ങൾ സ്ഥാപിക്കുവാനായി ഓവർസീസ് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെൽ കെ.എസ്.ഐ.ഡി.സിയിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

8)അടിസ്ഥാനസൗകര്യങ്ങളായ ജലം, വൈദ്യുതി വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഏകജാലക സംവിധാനം എന്നിവ ലഭ്യമാക്കിക്കൊണ്ട് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സ്ഥലത്തിന്റെ ദൗർലഭ്യം കണക്കിലെടുത്ത് കിൻഫ്രയുടെ പാർക്കുകളിലും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള വ്യവസായ പ്ലോട്ടുകളിലും ബഹു നിലകളുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുവാനും ഇതുവഴി കൂടുതൽ വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ